സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

www.swathanthramandapam.com വാല്യം: 59 ലക്കം: 149 2024 സെപ്തംബർ 26 വ്യാഴം പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

സ്റ്റുഡന്റ് പോലീസ് കേഡറ്റായ വിദ്യാർത്ഥിനിയെ പീഡിപ്പിച്ചു; എസ് ഐ കസ്റ്റഡിയിൽ

തൃശൂർ: പോക്സോ കേസിൽ എസ് ഐ പോലീസ് കസ്റ്റഡിയിൽ. തൃശൂരിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റായ വിദ്യാർത്ഥിനിയെ പീഡിപ്പിച്ചുവെന്ന പരാതിയിലാണ് നടപടി. ഗ്രേഡ് എസ് ഐ ചന്ദ്രശേഖരൻ (50) ആണ് പിടിയിലായത്. രണ്ടുവർഷം മുൻപാണ് കേസിനാസ്പദമായ സംഭവം നടന്നത്. ചാപ്പാറ വിനോദ സഞ്ചാര കേന്ദ്രത്തിന് സമീപത്തുവച്ച് കാറിനുള്ളിൽ പീഡിപ്പിച്ചുവെന്നാണ് പ്ലസ് വൺ വിദ്യാർത്ഥിനിയുടെ പരാതി. കൗൺസിലിംഗിനിടെയായിരുന്നു വിദ്യാർത്ഥിനിയുടെ വെളിപ്പെടുത്തൽ. തുടർന്ന് അധികൃതർ പോലീസിൽ വിവരമറിയിക്കുകയായിരുന്നു. തൃശൂർ റൂറൽ വനിതാ പോലീസ് ആണ് കേസ് രജിസ്റ്റർ ചെയ്തത്. എസ് ഐ ചന്ദ്രശേഖരന്റെ മൊഴി രേഖപ്പെടുത്തും. വൈദ്യപരിശോധനയ്ക്ക് ശേഷം പ്രതിയുടെ അറസ്റ്റ് രേഖപ്പെടുത്തി കോടതിയിൽ ഹാജരാക്കുമെന്നാണ് വിവരം.

പൂരം കലക്കൽ: അജിത്കുമാറിന്റെ റിപ്പോർട്ട് തള്ളി, ആഭ്യന്തരസെക്രട്ടറിയുടെ ശുപാർശയിൽ തുടരന്വേഷണം



തൃശ്ശൂർ: പൂരം കലക്കിയ വിഷയത്തിൽ തുടരന്വേഷണത്തിന് സർക്കാർ. ആഭ്യന്തര സെക്രട്ടറിയുടെ ശുപാർശ പരിഗണിച്ചാണിത്. വിഷയത്തിൽ എഡിജിപി എം.ആർ അജിത് കുമാർ സമർപ്പിച്ച റിപ്പോർട്ട് സർക്കാർ തള്ളി.

അജിത് കുമാർ സമർപ്പിച്ച റിപ്പോർട്ട് തുടരന്വേഷണത്തിനുള്ള ശുപാർശയോടെയാണ് ഡിജിപി മുഖ്യമന്ത്രിക്ക് കൈമാറിയത്. ഈ റിപ്പോർട്ട് മുഖ്യമന്ത്രി ആഭ്യന്തര സെക്രട്ടറിക്ക് കൈമാറി. റിപ്പോർട്ട് വിശദമായി പരിശോധിച്ചശേഷമാണ് ആഭ്യന്തര സെക്രട്ടറിയും തുടരന്വേഷണത്തിന് ശുപാർശ ചെയ്തിട്ടുള്ളത്. ഇതുപ്രകാരം സർക്കാർ ഉത്തരവിറക്കി.

തിരുവമ്പാടി ദേവസ്വത്തേയും തൃശ്ശൂർ പോലീസ് കമ്മീഷണർ അങ്കിത് അശോകനെയും കുറ്റപ്പെടുത്തുന്ന റിപ്പോർട്ടാണ് എഡിജിപി അജിത് കുമാർ സമർപ്പിച്ചിരുന്നത്. ഈ റിപ്പോർട്ടാണ് സർക്കാർ ഇപ്പോൾ തള്ളിയിരിക്കുന്നത്.

എഡിജിപി എം.ആർ അജിത് കുമാറിന്റെ ഇടപെടൽ അന്വേഷിക്കാൻ എ.ഡി.ജി.പി റാങ്കിലുള്ള ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ മറ്റൊരു സംഘത്തേയും നിയോഗിച്ചേക്കും. അതേസമയം അജിത് കുമാറിന്റെ വീഴ്ചകൾ അക്കമിട്ട് നിരത്തിയാണ് മുഖ്യമന്ത്രിക്ക് ഡി.ജി.പി റിപ്പോർട്ട് നൽകിയിട്ടുള്ളത്.

ആരോപണ വിധേയനായ എഡിജിപി അജിത് കുമാർ തന്നെയാണ് ഡി.ജി.പിക്ക് റിപ്പോർട്ട് സമർപ്പിച്ചത്. പൂരം കലങ്ങിയതുമായി ബന്ധപ്പെട്ട് സംഭവിച്ച കാര്യങ്ങൾ വിശദമാക്കിയിരുന്നു. എന്നാൽ റിപ്പോർട്ടിലുള്ള കണ്ടെത്തലുകൾ പോലീസിന് സംഭവിച്ച ചില കാര്യങ്ങൾ മാത്രമേ ചൂണ്ടിക്കാട്ടിയിരുന്നുള്ളൂ. തൃശൂർ കമ്മീഷണർ അങ്കിത് അശോകിനെ കുറ്റപ്പെടുത്തുകയും ദേവസ്വം ബോർഡിനെ പ്രതിക്കൂട്ടിൽ നിർത്തുകയും ചെയ്തു. ഈ റിപ്പോർട്ട് പൂർണമായും അംഗീകരിക്കാൻ ഡി.ജി.പി തയ്യാറായില്ല. ഒരു വിയോജനക്കുറിപ്പോടെയാണ് ഇത് മുഖ്യമന്ത്രിക്ക് മുന്നിലെത്തിയത്.ഡിജിപി നൽകിയ റിപ്പോർട്ട് ആഭ്യന്തര സെക്രട്ടറിക്ക് മുഖ്യമന്ത്രി കൈമാറി. ആഭ്യന്തര സെക്രട്ടറി റിപ്പോർട്ട് പരിശോധിച്ചതിന് ശേഷമാണ് തുടരന്വേഷണം വേണമെന്ന തീരുമാനം സർക്കാരിനെ അറിയിച്ചത്.

രണ്ട് തരത്തിലുള്ള അന്വേഷണത്തിനാണ് സർക്കാർ ആലോചിക്കുന്നത്. ക്രൈം ബ്രാഞ്ച് അന്വേഷണം, ജുഡീഷ്യൽ അന്വേഷണം എന്നിവയാണ് പരിഗണനയിലുള്ളത്. അതോടൊപ്പം ഡി.ജി.പി യുടെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘം രൂപീകരിക്കുന്നതും പരിശോധിക്കുന്നുണ്ട്. ഡി.ജി.പി യുടെ റിപ്പോർട്ട് എ.ഡി.ജി.പി യുടെ റിപ്പോർട്ട് മാത്രം പരിഗണിച്ചുള്ളതല്ല. സ്പെഷൽ ബ്രാഞ്ചിന്റെ കണ്ടെത്തലുകളടക്കം പരിഗണിച്ചുള്ളതാണ്. അതാണ് മുഖ്യമന്ത്രിക്ക് മുന്നിലേക്കെത്തിയത്. മന്ത്രിസഭായോഗം പരിഗണിക്കുകയും നിയമോപദേശത്തിനായി പോകുകയും ചെയ്തത്.

ഏകോപന ചുമതലയും മേൽനോട്ടച്ചുമതലയും ഉണ്ടായിരുന്നത് അജിത് കുമാറിനാണ്. അത്തരത്തിൽ അദ്ദേഹത്തിന് കൃത്യമായ വീഴ്ചകളുണ്ടായെന്നാണ് റിപ്പോർട്ടിലുള്ളത്. പൂരം അലങ്കോലപ്പെടുന്ന സാഹചര്യമുണ്ടായിട്ടും കൃത്യമായി ഇടപെട്ടില്ലെന്നും ചൂണ്ടിക്കാട്ടുന്നുണ്ട്.

കെ.പി കുഞ്ഞിക്കണ്ണൻ അന്തരിച്ചു

കാസർകോഡ്: ഉദുമ മുൻ എംഎൽഎയും കെപിസിസി മുൻ ജനറൽ സെക്രട്ടറിയുമായിരുന്ന കെ പി കുഞ്ഞിക്കണ്ണൻ അന്തരിച്ചു.75 വയസ്സായിരുന്നു. അപകടത്തെ തുടർന്ന് ചികിത്സയിലിരിക്കവെയാണ് അന്ത്യം. സെപ്റ്റംബർ ഏഴാം തീയതിയാണ് കുഞ്ഞിക്കണ്ണൻ സഞ്ചരിച്ചിരുന്ന വാഹനം കണ്ണൂരിൽ വെച്ച് അപകടത്തിൽപ്പെട്ടത്. അപകടത്തിൽ വാരിയെല്ലിന് ഗുരുതരമായി പരിക്കേറ്റ കുഞ്ഞിക്കണ്ണൻ കണ്ണൂരിൽ ചികിത്സയിലായിരുന്നു.

കയ്പമംഗലം കൊലപാതകം: 9 പേർ അറസ്റ്റിൽ

വലപ്പാട്: ഇറിഡിയം തട്ടിപ്പിന്റെ പേരിൽ കോയമ്പത്തൂർ സ്വദേശി ചാൾസ് ബെഞ്ചമിനെ കയ്പമംഗലത്തെത്തിച്ച് കൊലപ്പെടുത്തിയ സംഭവത്തിൽ 9 പേരെ പോലീസ് അറസ്റ്റ് ചെയ്തു. പ്രധാന പ്രതി ഉൾപ്പെടെ കണ്ണൂരിൽ നിന്നുള്ള പണം നഷ്ടപ്പെട്ട ആളുടെ സംഘത്തിലെ 4 പേരും തൃശ്ശൂരിൽ ക്വട്ടേഷൻ ഏറ്റെടുത്ത സംഘത്തിൽ പെട്ട 4 പേരും മറ്റൊരാളുമാണ് അറസ്റ്റിലായിട്ടുള്ളത്, ഇവരെ കൃത്യം നടത്തിയ സ്ഥലങ്ങളിൽ കൊണ്ടുവന്ന് തെളിവെടുപ്പ് നടത്തിയ ശേഷം ഇന്ന് തന്നെ കോടതിയിൽ ഹാജരാക്കും.

കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസായി നിതിൻ മധുകർ ജാംദാർ സത്യപ്രതിജ്ഞ ചെയ്തു

തിരു: കേരള ഹൈക്കോടതിയുടെ പുതിയ ചീഫ് ജസ്റ്റിസായി ജസ്റ്റിസ് നിതിൻ മധുകർ ജാംദാർ സത്യപ്രതിജ്ഞ ചെയ്തു. രാജ്ഭവനിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ സത്യവാചകം ചൊല്ലിക്കൊടുത്തു. മുഖ്യമന്ത്രി പിണറായി വിജയനും ചടങ്ങിൽ പങ്കെടുത്തു. മഹാരാഷ്ട്ര സ്വദേശിയായ നിതിൻ മധുകർ നേരത്തെ മുംബയ് ഹൈക്കോടതി ചീഫ് ജസ്റ്റിസായിരുന്നു.

കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസായി നിതിൻ മധുകർ ജാംദാറിനെ നിയമിക്കാനുള്ള നിർദ്ദേശം നേരത്തെ തന്നെ സുപ്രീംകോടതി കൊളീജിയം കേന്ദ്രത്തിന് നൽകിയിരുന്നു. എന്നാൽ കേന്ദ്രം തീരുമാനം വൈകിപ്പിക്കുകയായിരുന്നു. ചീഫ് ജസ്റ്റിസുമാരുടെ നിയമനത്തിൽ കേന്ദ്രം നേരത്തെ എതിർപ്പറിയിച്ചിരുന്നു. ഇതേ തുടർന്ന് മൂന്ന് ചീഫ് ജസ്റ്റിസുമാരുടെ നിയമനങ്ങളിൽ കൊളീജിയം മാറ്റം വരുത്തി. കേരളത്തിലേക്കുള്ള നിയമനത്തിൽ മാറ്റം വേണ്ടെന്നായിരുന്നു തീരുമാനം.

കാറിനുള്ളിൽ അഞ്ചംഗകുടുംബം മരിച്ചനിലയിൽ; കൂട്ട ആത്മഹത്യയെന്ന് നിഗമനം

ചെന്നൈ: തമിഴ്നാട്ടിൽ നിർത്തിയിട്ട കാറിനുള്ളിൽ അഞ്ചംഗകുടുംബത്തെ മരിച്ചനിലയിൽ കണ്ടെത്തി. സേലം സ്വദേശികളായ മണികണ്ഠൻ(50) ഭാര്യ നിത്യ, ഇവരുടെ രണ്ട് മക്കൾ, മണികണ്ഠന്റെ അമ്മ സരോജ എന്നിവരെയാണ് കാറിനുള്ളിൽ മരിച്ചനിലയിൽ കണ്ടത്. തിരുച്ചിറപ്പള്ളി-കാരക്കുടി ദേശീയപാതയിൽ പുതുക്കോട്ട ജില്ലയിലെ നാമനസമുദ്രം ഭാഗത്തായിരുന്നു സംഭവം.

കഴിഞ്ഞദിവസം വൈകീട്ട് മുതൽ കാർ ഇതേസ്ഥലത്തുണ്ടായിരുന്നതായി പരിസരവാസികൾ പറഞ്ഞു. തുടർന്ന് സംശയം തോന്നി പരിശോധിച്ചതോടെയാണ് അഞ്ച് പേരെയും മരിച്ചനിലയിൽ കണ്ടത്. സംഭവം കൂട്ട ആത്മഹത്യയാണെന്നാണ് പോലീസിന്റെ പ്രാഥമിക കണ്ടെത്തൽ. കാറിൽനിന്ന് ആത്മഹത്യാക്കുറിപ്പും കണ്ടെടുത്തിട്ടുണ്ട്. എന്നാൽ, കുറിപ്പിൽ ആത്മഹത്യയ്ക്കുള്ള കാരണം വ്യക്തമാക്കിയിട്ടില്ലെന്നും പോലീസ് പറഞ്ഞു.

വിഷം ഉള്ളിൽച്ചെന്നാണ് അഞ്ച് പേരുടെയും മരണം സംഭവിച്ചതെന്നാണ് സംശയം. സേലത്ത് ലോഹവ്യാപാരിയായ മണികണ്ഠന് സാമ്പത്തികബാധ്യതകളുണ്ടായിരുന്നതായി സൂചനയുണ്ട്. ഇതാകാം ആത്മഹത്യയിലേക്ക് നയിച്ചതെന്ന് കരുതുന്നു. സംഭവത്തിൽ പോലീസ് വിശദമായ അന്വേഷണം നടത്തിവരികയാണ്. മൃതദേഹങ്ങൾ പോസ്റ്റ്മോർട്ടത്തിനായി പുതുക്കോട്ട സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് മാറ്റി.

'വിധേയത്വത്തിന് അപ്പുറമാണ് ആത്മാഭിമാനം'; സിപിഎം വിലക്കിന് പുല്ലുവില, ഇന്ന് മാദ്ധ്യമങ്ങളെ കാണുമെന്ന് പി വി അൻവർ

തിരു: പരസ്യ പ്രതികരണം പാടില്ലെന്ന സിപിഎം സെക്രട്ടേറിയറ്റിന്റെ നിർദ്ദേശം അവഗണിച്ച് വീണ്ടും മാദ്ധ്യമങ്ങളെ കാണാനുള്ള നീക്കവുമായി പി വി അൻവർ എംഎൽഎ. ഇന്ന് വൈകിട്ട് നാലരയ്ക്ക് മാദ്ധ്യമങ്ങളെ കാണുമെന്ന് സമൂഹമാദ്ധ്യമ പോസ്റ്റിലൂടെയാണ് അൻവർ അറിയിച്ചത്.

അൻവറിന്റെ നിലപാടുകൾ ശത്രുക്കൾക്ക് പാർട്ടിയേയും സർക്കാരിനേയും അക്രമിക്കാനുള്ള ആയുധമായെന്നും അൻവർ തിരുത്തണമെന്നും ആവശ്യപ്പെട്ട് നേരത്തെ സിപിഎം സംസ്ഥാന സെക്രട്ടേറിയറ്റ് പ്രസ്താവന യിറക്കിയിരുന്നു. തുടർന്ന് പാർട്ടി നിർദ്ദേശം അനുസരിക്കാൻ ബാദ്ധ്യസ്ഥനാണെന്നും പരസ്യ പ്രസ്താവന താത്കാലികമായി അവസാനിപ്പിക്കുകയാണെന്നും അൻവർ പറഞ്ഞു. ഇതിന് പിന്നാലെയാണ് വീണ്ടും മാദ്ധ്യമങ്ങളെ കാണാനൊരുങ്ങുന്നത്.

വിശ്വാസങ്ങൾക്കും, വിധേയത്വത്തിനും, താൽക്കാലികതയ്ക്കും അപ്പുറം ഓരോ മനുഷ്യനിലും ഉള്ള ഒന്നാണ് ആത്മാഭിമാനം. അതിത്തിരി കൂടുതലുണ്ട് 'നീതിയില്ലെങ്കിൽ നീ തീയാവുക'എന്നാണല്ലോ.

തൃശൂരിലും കോവളത്തും വച്ച് ആർഎസ്എസിന്റെ രണ്ട് ഉന്നതനേതാക്കളുമായി കൂടിക്കാഴ്ച നടത്തിയ എഡിജിപി എം ആർ അജിത്കുമാറിനെതിരെ പൊലീസ്മേധാവി ഷേഖ് ദർവേഷ് സാഹിബിന്റെ അന്വേഷണത്തിന് മുഖ്യമന്ത്രി ഉത്തരവിട്ടതിന് പിന്നാലെയാണ് അൻവറിന്റെ പുതിയ നീക്കം. അൻവറിന്റെ ആരോപണങ്ങൾ അന്വേഷിക്കുന്ന ഡിജിപിയുടെ സംഘമാവും ഇതും അന്വേഷിക്കുകയെന്നാണ് വിവരം. അജിത്കുമാറിനെ സർവീസിൽ നിന്ന് പുറത്താക്കണം. ചിലർക്ക് കാര്യങ്ങൾ ബോദ്ധ്യപ്പെടാൻ സമയമെടുക്കും. താൻ പാവപ്പെട്ടൊരു എംഎൽഎ മാത്രമാണ് എന്നായിരുന്നു അന്വേഷണ ഉത്തരവിനോടുള്ള അൻവറിന്റെ പ്രതികരണം.

പഞ്ചായത്ത് ഓഫീസ് ഉപരോധിക്കുന്നു

കടങ്ങോട്: കോൺഗ്രസ് മണ്ഡലം കമ്മിറ്റി കടങ്ങോട് പഞ്ചായത്ത് ഓഫീസ് ഉപരോധിക്കുന്നു. കടങ്ങോട് മേഖലയിൽ വ്യാപകമായി നെൽവയൽ നികത്തുന്നതിനെതിരെ പഞ്ചായത്ത് സെക്രട്ടറി നടപടി സ്വീകരിക്കുന്നില്ലെന്നാരോപിച്ചാണ് ഉപരോധം

ബുള്ളറ്റും മിനിറ്റോറസ് ലോറിയും തമ്മിൽ കൂട്ടിയിടിച്ച് 16 വയസ്സുകാരന് ദാരുണാന്ത്യം

കുന്നംകുളം :പെരുമ്പിലാവിൽ ബുള്ളറ്റും മിനിറ്റോറസ് ലോറിയും തമ്മിൽ കൂട്ടിയിടിച്ച് ബുള്ളറ്റിൽ യാത്ര ചെയ്തിരുന്ന വിദ്യാർത്ഥിയ്ക്ക് ദാരുണാന്ത്യം. ചാലിശ്ശേരി ആലിക്കൽ സ്വദേശി വേങ്ങാട്ടുപറമ്പിൽ അജിതൻ മകൻ അതുൽ കൃഷ്ണ (16)ആണ് മരിച്ചത്. കുന്നംകുളം ബോയ്സ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർത്ഥിയാണ്. അപകടത്തിൽ പരിക്കേറ്റ പെരുമ്പിലാവ് സ്വദേശി ഷാനെ (18) ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇന്ന് രാവിലെ 7 .15 ന് പെരുമ്പിലാവ് അറക്കൽ പള്ളിക്ക് സമീപത്ത് വച്ചായിരുന്നു അപകടം ഉണ്ടായത്. പെരുമ്പിലാവിൽ നിന്നും ചാലിശ്ശേരി ഭാഗത്തേക്ക് പോവുകയായിരുന്ന മിനി ടോറസ് ലോറി ഇവർ സഞ്ചരിച്ചിരുന്ന ബുള്ളറ്റുമായി കൂട്ടിയിടിക്കുകയായിരുന്നു. അപകടത്തിൽ ഗുരുതരമായി പരിക്കേറ്റ അതുൽ കൃഷ്ണയെ ഉടനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചുവെങ്കിലും മരണം സംഭവിക്കുകയായിരുന്നു.

ലോറിയുടെ ക്യാബിനിൽ മകന്റെ കളിപ്പാട്ടവും; യാത്ര പോകുമ്പോൾ അതുമായിട്ടാണ് അർജുൻ പോകാറെന്ന് ബന്ധു

ഷിരൂർ: ട്രക്കിന്റെ ക്യാബിനിൽ നിന്ന് അർജുന്റെ സാധനങ്ങൾ കണ്ടെത്തി. രണ്ട് മൊബൈൽ ഫോണുകൾ, കുക്കർ, ചെരുപ്പ്, വസ്ത്രങ്ങൾ, വാച്ച്, ഭക്ഷണം കഴിച്ച പാത്രം എന്നിവയാണ് കണ്ടെത്തിയത്. കൂടാതെ അർജുന്റെ മകന്റെ കളിപ്പാട്ടവും കിട്ടിയിട്ടുണ്ട്. ലോറിയുടെ മാതൃകയിലുള്ളതാണിത്.

കോഴിക്കോട്ടേക്ക് മടങ്ങാനിരിക്കെയാണ് അർജുന് അപകടം സംഭവിച്ചത്. ലോറിയുടെ ആർസി ബുക്ക് അടക്കമുള്ള രേഖകളും ലഭിച്ചു. ലോറി പൂർണമായും ഗംഗാവലി പുഴയുടെ കരയിലേക്ക് കയറ്റി. ലോറി പോലീസ് വിശദമായി പരിശോധിക്കും.

മൃതദേഹം അർജുന്റേതാണെന്ന് സ്ഥിരീകരിക്കാനായി സാമ്പിൾ ഡി എൻ എ പരിശോധനയ്ക്കയച്ചിട്ടുണ്ട്. നാളെയോടെ മൃതദേഹ ഭാഗങ്ങൾ അർജുന്റെ കുടുംബത്തിന് വിട്ടുകൊടുത്തേക്കും. അർജുന്റെ ബന്ധുക്കളും ലോറി ഉടമ മനാഫ് അടക്കമുള്ളവരും ഷിരൂരിലുണ്ട്.

'അർജുന്റെ വസ്ത്രങ്ങളെല്ലാം ലഭിച്ചുകഴിഞ്ഞു. രണ്ട് മൊബൈൽ ഫോണുകൾ, വാച്ച്, അർജുന്റെ മകന്റെ കളിപ്പാട്ടം, രേഖകൾ, പാചകം ചെയ്യാനുള്ള പാത്രങ്ങൾ അങ്ങനെ അവന്റെ കൂടെ തന്നെ അവൻ ഉപയോഗിച്ച എല്ലാ സാധനങ്ങളും ഉണ്ടായിരുന്നു. അർജുൻ മകന് വേണ്ടി വാങ്ങിക്കൊണ്ടുവന്ന കളിപ്പാട്ടമായിരുന്നു ഇത്. കുട്ടിക്ക് ഒരുപാട് ഇഷ്ടപ്പെട്ട കളിപ്പാട്ടമാണ്. അതുകൊണ്ടാണ് അത് ക്യാബിനിൽ സൂക്ഷിച്ചുവച്ചത്. അത് വണ്ടിയുടെ മുന്നിൽ വച്ചാണ് അർജുൻ യാത്ര ചെയ്തിരുന്നത്. വീട്ടിലെത്തുമ്പോൾ അത് മകന് കൊടുക്കും. യാത്ര പോകുമ്പോൾ അതുമായിട്ടാണ് പോകാറ്.'- ജിതിൻ പറഞ്ഞു.

'എല്ലാവരും കൂടെ നിന്നു'; നന്ദി ചൊല്ലി അർജുന്റെ കുടുംബം

ഷിരൂർ: അർജുനെ കണ്ടെത്താൻ കൂടെ നിന്നവർക്ക് എല്ലാം നന്ദിയുണ്ടെന്ന സഹോദരി അഞ്ജു. പ്രതിസന്ധി നിറഞ്ഞ സമയമാണ് കടന്നുപോയത്. കേരള കർണാടക സർക്കാറുകളും ലോകമെമ്പാടുമുള്ള മലയാളികളും ഒപ്പംനിന്നു. വ്യാജ വാർത്തകളുമായി യൂട്യൂബ് ചാനലുകൾ സാഹചര്യം മുതലെടുത്തെന്നും സഹോദരിയുടെ വിമർശനം. ഡിഎൻഎ പരിശോധന ഫലം വരാൻ കാത്തിരിക്കുകയാണെന്നും അഞ്ജു പറഞ്ഞു.

മരിച്ച അർജുന്റെ മൃതദേഹം നാളെ ബന്ധുക്കൾക്ക് കൈമാറും. പുഴയിൽ കണ്ടെത്തിയ ട്രക്ക് രാവിലെ എട്ട് മണിയോടെ ഉയർത്തി ദേശീയ പാതയിൽ എത്തിച്ചു. അർജുനൊപ്പം കാണാതായ കനകരാജ്, ലോകേഷ് എന്നിവർക്കായുള്ള തിരച്ചിൽ തുടരും. ജൂലൈ 16നാണ് കർണാടകയിലെ ഷിരൂരിൽ നടന്ന മണ്ണിടിച്ചിലിൽ അർജുനെ കാണാതാകുന്നത്. 72 ദിവസം നീണ്ട തിരച്ചിലിനൊടുവിൽ ഇന്നലെ ലോറിയും അർജുന്റെ മൃതദേഹവും കണ്ടെത്തി.

കോടതി പരസ്യം

ബഹു. തൃശൂർ നാലാം അഡീഷ്ണൽ ജില്ലാ കോടതി മുമ്പാകെ

G.O.P: 228/2024

നിത്യ - ഹരജിക്കാരി

1) തൃശൂർ ജില്ല, തൃശൂർ താലൂക്ക്, അയ്യന്തോൾ വില്ലേജ്, അയ്യന്തോൾ ദേശത്ത്, അയ്യന്തോൾ പി ഒ., പിൻ-680003 മരുതൂർ ചാത്തിയത്ത് വീട്ടിൽ മരിച്ച വിബിൻ വി. മേനോൻ മകൻ 9 വയസ് മൈനർ നിവേദ് വിബിൻ

2) തൃശൂർ ജില്ല, തൃശൂർ താലൂക്ക്, അയ്യന്തോൾ വില്ലേജ്, അയ്യന്തോൾ ദേശത്ത്, അയ്യന്തോൾ പി ഒ., പിൻ-680003 മരുതൂർ ചാത്തിയത്ത് വീട്ടിൽ മരിച്ച വിബിൻ വി. മേനോൻ മകൾ 5 വയസ് മൈനർ വേദിക വിബിൻ

-മൈനർ കുട്ടികൾ

തൃശൂർ ജില്ല, തൃശൂർ താലൂക്ക്, അയ്യന്തോൾ വില്ലേജ്, അയ്യന്തോൾ ദേശത്ത്, അയ്യന്തോൾ പി ഒ., പിൻ-680003 മരുതൂർ ചാത്തിയത്ത് വീട്ടിൽ മരിച്ച വേണുഗോപാലൻ മകൻ 38 വയസ് വിമൽ വി. മേനോൻ

-എതൃകക്ഷി

മേൽ നമ്പറിലെ ഹരജിക്കാരിയുടെ ഭർത്താവും മൈനർ കുട്ടികളുടെ പിതാവുമായ മരുതൂർ ചാത്തിയത്ത് വീട്ടിൽ മരിച്ച വിബിൻ വി. മേനോൻ എന്നവർക്ക് കൂടി അവകാശപ്പെട്ട അയ്യന്തോൾ വില്ലേജ്, സർവ്വെ 618/1-2ൽ 4 ആർ 05 ച. മീറ്റർ വഹകൾ തീറു വിൽക്കുന്നതിന് മൈനർ കുട്ടികൾക്കുവേണ്ടി ഒപ്പിടുന്നതിനും മറ്റും മൈനർ കുട്ടികളുടെ മാതാവും രക്ഷിതാവുമായ ഹരജിക്കാരിയെ നിയമിച്ച് ഒരു ഉത്തരവുണ്ടാവാൻ ബോധിപ്പിച്ച മേൽ നമ്പർ ഹരജി **2024-ാമാണ്ട് നവംബർ മാസം 02-ാം** തിയ്യതിയിലേക്ക് വെച്ചിരിക്കുന്നു. മേൽ നമ്പർ ഹരജിഇക്കാര്യത്തിൽ ആർക്കെങ്കിലും എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ 2024-ാമാണ്ട് നവംബർ മാസം 02-ാം തിയ്യതി രാവിലെ 11 മണിക്ക് ബഹുമാനപ്പെട്ട തൃശൂർ നാലാം അഡീഷ്ണൽ ജില്ലാ കോടതി മുമ്പാകെ ഹാജരാകേണ്ടതാണെന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 24-9-2024

ഹരജിഭാഗം അഡ്വക്കേറ്റ്

ടി ആർ കലാധരൻ (ഒപ്പ്)

'ശരിയാക്കിക്കളയുമെന്ന് ഭീഷണി'; ആശ ലോറൻസിന്റെ അഭിഭാഷകർക്കെതിരേ കളമശ്ശേരി മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ

കൊച്ചി: എം.എം. ലോറൻസിന്റെ മകൾ ആശ ലോറൻസിന്റെ അഭിഭാഷകർക്കെതിരേ പോലീസിൽ പരാതി നൽകി കളമശ്ശേരി മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. പ്രതാപ് സോമനാഥ്. ഓഫീസിൽ അതിക്രമിച്ച് കയറി ഭീഷണിപ്പെടുത്തിയെന്നാണ് പരാതി. പ്രിൻസിപ്പലിന്റെ പരാതിയിൽ അഭിഭാഷകരായ അഡ്വ. കൃഷ്ണരാജ്, അഡ്വ. ലക്ഷ്മിപ്രിയ എന്നിവർക്കെതിരേ പോലീസ് കേസെടുത്തു. എം.എം. ലോറൻസിന്റെ മൃതദേഹം വിട്ടുനൽകുന്നതുമായി ബന്ധപ്പെട്ട ചർച്ചക്കിടെയായിരുന്നു സംഭവമെന്നാണ് പരാതിയിൽ പറയുന്നത്.

മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന്റെ പരാതിയിൽ അന്വേഷണം ആരംഭിച്ചതായി കളമശ്ശേരി സി.ഐ. പറഞ്ഞു. അഭിഭാഷകർക്കെതിരേ ഭീഷണിപ്പെടുത്തൽ, അതിക്രമിച്ച് ഓഫീസിൽ കയറി എന്നീ കുറ്റങ്ങൾ ചുമത്തിയാണ് പോലീസ് കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്.

അന്തരിച്ച മുതിർന്ന സി.പി.എം. നേതാവ് എം.എം. ലോറൻസിന്റെ മൃതദേഹം മെഡിക്കൽ കോളേജിന് വിട്ടുനൽകുന്ന തർക്കത്തിൽ കഴിഞ്ഞ ദിവസമാണ് ഉപദേശക സമിതി മൂന്ന് മക്കളുടേയും അഭിപ്രായം

തേടിയത്. മകൾ ആശ ലോറൻസ് തന്റെ അഭിപ്രായം അറിയിച്ചശേഷം തിരികെ ഇറങ്ങിയതിന് പിന്നാലെ ആശയുടെ അഭിഭാഷകർ അതിക്രമിച്ച് ഓഫീസിൽ കയറുകയായിരുന്നു. തുടർന്ന് ആശാ ലോറൻസിന്റെ അഭിഭാഷകൻ കൃഷ്ണരാജ് ഫോണിൽ വിളിച്ച് ഭീഷണിപ്പെടുത്തിയെന്നും അനുകൂല തീരുമാനമുണ്ടായില്ലെങ്കിൽ ശരിയാക്കികളയുമെന്നും ഭീഷണിപ്പെടുത്തിയെന്നാണ് പരാതി.

മൃതദേഹം വിട്ടുനൽകുന്നതുമായി ബന്ധപ്പെട്ട് ലോറൻസിന്റെ മക്കൾ തമ്മിൽ തർക്കമുണ്ടായിരുന്നു. ഇതേത്തുടർന്നാണ് ഹൈക്കോടതിയുടെ ഇടപെടൽ ഉണ്ടായത്. തുടർന്ന് കോടതി നിർദേശപ്രകാരം ലോറൻസിന്റെ മക്കളുടെ അഭിപ്രായങ്ങൾ കേട്ട ശേഷം മൃതദേഹം കളമശ്ശേരി മെഡിക്കൽ കോളേജിന് വിട്ട് നൽകാൻ തീരുമാനിക്കുകയായിരുന്നു.

മക്കളായ അഡ്വ. എം. എൽ. സജീവൻ, സുജാത ബോബൻ എന്നിവർ മൃതദേഹം വൈദ്യപഠനത്തിന് വിട്ടുനൽകാൻ പിതാവ് ആഗ്രഹം പ്രകടിപ്പിച്ചിരുന്നതായി അറിയിച്ചു. എന്നാൽ മകൾ ആശ ഇതിനെ എതിർക്കുകയായിരുന്നു. മൃതദേഹം വൈദ്യപഠനത്തിന് വിട്ടുനൽകണമെന്ന് പറഞ്ഞതിന് രണ്ട് സാക്ഷികളുണ്ടെന്നും അവരുടെ വാദം സത്യസന്ധമാണെന്നും ബോധ്യപ്പെട്ടതിനെ തുടർന്നാണ് മൃതദേഹം മെഡിക്കൽ കോളേജിന് വിട്ട് നൽകാൻ തീരുമാനിച്ചത്.

പുലകുളി അടിയന്തിരം (26-09-2024)

തങ്കപ്പൻ പി കെ

പടിഞ്ഞാറെ വീട്ടിൽ ഹൗസ് (അയ്യപ്പാസ്), കെ കെ റോഡ്, ചാലക്കുടി

ഭാര്യ: പ്രസന്ന തങ്കപ്പൻ

മക്കൾ: അരുൺകുമാർ പി ടി, കൃഷ്ണദാസ് പി ടി, അനൂപ് പി ടി

മരുമക്കൾ: പ്രമീത അരുൺ, രേഷ്മ കൃഷ്ണദാസ്, അനുപ്രിയ അനൂപ്

ഞങ്ങളുടെ ദുഃഖത്തിലും സംസ്കാരകർമ്മങ്ങളിലും പങ്കുകൊണ്ട് പരേതന്റെ ആത്മശാന്തിക്കായി പ്രാർത്ഥിച്ച ബന്ധുമിത്രാദികൾ, നല്ലവരായ നാട്ടുകാർ, ജന പ്രതിനിധികൾ, രാഷ്ട്രീയ കക്ഷി നേതാക്കൾ, വ്യാപാരി വ്യവസായി പ്രമുഖർ, സമൂഹത്ത

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

33.27 ലക്ഷം രൂപയുടെ പദ്ധതികൾ നിപ്മറിന് സമർപ്പിച്ചു

ഇരിങ്ങാലക്കുട: ഭിന്നശേഷി കുട്ടികളുടെ കരുതലിനും നിപ്മറിലെ വികസന വേഗത്തിനു വേണ്ടിയും സർക്കാർ എന്നും ഒപ്പമുണ്ടാകുമെന്ന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യ നീതി വകുപ്പ് ഡോ: ആർ. ബിന്ദു. സംസ്ഥാന സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടികളോടനുബന്ധിച്ച് നിപ്മറിലെ വിവിധ പദ്ധതികളുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. നിപ്മറിന് ഐക്യ രാഷ്ട്ര സഭയുടെ പുരസ്കാരം ലഭിച്ചതിൽ മന്ത്രി സന്തോഷം രേഖപ്പെടുത്തുകയും നിപ്മർ ജീവനക്കാരെ അഭിനന്ദിക്കുകയു ചെയ്തു.33.27 ലക്ഷം രൂപയുടെ പദ്ധതികളാണ് നിപ്മറിന് സമർപ്പിച്ചത്.

സ്കേറ്റിങ് ട്രാക്ക്, എഡിഎച്ച്ഡി ക്ലിനിക്ക്, ഫീഡിങ് ഡിസോഡർ ക്ലിനിക്ക് എന്നീ പദ്ധതികളാണ് മന്ത്രി ചടങ്ങിൽ സമർപ്പിച്ചത്

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷനിൽ (നിപ്മർ) നടന്ന ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.എസ്. പ്രിൻസ് അധ്യക്ഷനായിരുന്നു.

ചടങ്ങിൽ ഓട്ടിസം ന്യൂട്രിഷൻ ട്രാക്കറിന്റെ പ്രകാശനവും മന്ത്രി നിർവഹിച്ചു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നിപ്മർ ജീവനക്കാർ 137432 രൂപയുടെ ചെക്ക് എക്സിക്യൂട്ടീവ് ഡയറക്ടർ മന്ത്രിക്ക് കൈമാറി

സാമൂഹ്യനീതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി പുനീത്കുമാർ ഐഎഎസ് മുഖ്യപ്രഭാഷണം നടത്തി. ജില്ലാ പഞ്ചായത്ത് അംഗം പി.കെ. ഡേവിസ് എംവോക്ക് സർട്ടിഫിക്കറ്റ് വിതരണം നടത്തി.

ആളൂർ പഞ്ചായത്ത് പ്രസിഡന്റ് കെ.ആർ. ജോജോ, കെ എസ്എസ്എം അസി.ഡയരക്റ്റർ കെ. സന്തോഷ് ജേക്കബ്, മാള ബ്ലോക്ക് പഞ്ചായത്ത് അംഗം സന്ധ്യനൈസൻ, വാർഡ് മെമ്പർ മേരി ഐസക് എന്നിവർ ആശംസകൾ അർപ്പിച്ചു. നിപ്മർ എക്സിക്യൂട്ടീവ് ഡയരക്റ്റർ സി. ചന്ദ്രബാബു സ്വാഗതവും ഡയറ്റീഷൻ ആൻഡ് റിസർച്ച് കോഡിനേറ്റർ ആർ. മധുമിത നന്ദിയും പറഞ്ഞു.

സൗജന്യ സംരംഭകത്വ ശിൽപശാല

കൊടകര: കേരളത്തിൽ സാധ്യതയുള്ള 50 സംരംഭങ്ങളെയും അവയുടെ സാധ്യതകളെയും പരിചയപ്പെടുത്തുന്നതിന് പിറവം അഗ്രോപാർക്ക്, സഹ്യദയ ടെക്നോളജി ബിസിനസ്സ് ഇൻക്യൂബേറ്റർ ആൻഡ് ഇന്നൊവേഷൻ ഹബ്ബിന്റെ (TBII Hub) സഹകരണത്തോടെ സൗജന്യ സംരംഭകത്വ ശില്പശാല സഹ്യദയ എഞ്ചിനീയറിംഗ് കോളേജ് , കൊടകരയിൽ വച്ച് സംഘടിപ്പിക്കുകയാണ്. സംരംഭങ്ങളുടെ നിയമവശങ്ങൾ, ഗവ:ഉത്തരവുകൾ, ആവശ്യമായ ലൈസൻസുകൾ, വായ്പ പദ്ധതികൾ, സബ്സിഡി സ്കീമുകൾ തുടങ്ങി വ്യവസായം ആരംഭിക്കുന്നതിന് ആവശ്യമായ എല്ലാ അറിവുകളും ഈ സൗജന്യ ശില്പശാലയിൽ നിന്ന് ലഭിക്കും.

രാവിലെ 10 മണി മുതൽ 1 മണി വരെയാണ് സമയം. രജിസ്ട്രേഷന് താഴെ പറയുന്ന നന്പറിൽ ബന്ധപ്പെടുക. ഫോൺ: 0485 2999990, 9446713767

അഖിലഭാരതീയഗ്രാഹക് പഞ്ചായത്ത് പുരസ്കാരം അഡ്വ.ഏ.ഡി.ബെന്നിക്ക് സമർപ്പിച്ചു

അഖിലഭാരതീയഗ്രാഹക് പഞ്ചായത്ത് പുരസ്കാരം, സംഘടനയുടെ സുവർണ്ണജൂബിലി ആഘോഷച്ചടങ്ങിൽ വെച്ച് അഡ്വ.ഏ.ഡി.ബെന്നിക്ക് സമർപ്പിച്ചു. എറണാകുളം ബി.ടി.എച്ച് ഹാളിൽ നടന്ന ചടങ്ങിലാണ് ദേശീയ അദ്ധ്യക്ഷൻ നാരായണൻ ഭായ് ഷാ, അഡ്വ.ഏ.ഡി.ബെന്നിയെ പുരസ്കാരം നൽകി ആദരിച്ചത്.ഉപഭോക്തൃ മേഖലയിലും ജീവകാരുണ്യരംഗത്തും ചെയ്തുവരുന്ന പ്രവർത്തനങ്ങളെ മാനിച്ചാണ് ബെന്നി വക്കീലിനെ ആദരിക്കുകയുണ്ടായത്. ഉപഭോക്തൃരംഗത്ത് സജീവമായി പ്രവർത്തിച്ചുവരുന്ന ബെന്നി വക്കീൽ നടത്തിയ കേസുകൾ, റെക്കോഡിലെത്തി നില്ക്കുന്നു. ഉപഭോക്തൃസംബന്ധമായി നിരവധി പഠന ക്ലാസ്സുകൾ,സംവാദങ്ങൾ, ടി വി അഭിമുഖങ്ങൾ, പ്രഭാഷണങ്ങൾ എന്നിവ നടത്തിവരുന്നു. ജീവകാരുണ്യരംഗത്തും ബെന്നിവക്കീൽ സജീവമായി പ്രവർത്തിച്ചുവരുന്നു.കിഡ്നി ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ സ്ഥാപക സെക്രട്ടറിയും ഇപ്പോഴത്തെ ഡയറക്ടറുമാണ്. വൃക്കരോഗികൾക്ക് വേണ്ടി പ്രവർത്തിച്ചു വരവെയാണ്, ബെന്നിവക്കീൽ രോഗിയായതും വൃക്ക മാറ്റിവെച്ചതും തുടർപ്രവർത്തനങ്ങളും എന്നത് ശ്രദ്ധേയമാണ്. യോഗത്തിൽ സ്വാഗതസംഘം ചെയർമാൻ മൗനയോഗി സ്വാമി ഹരിനാരായണൻ അദ്ധ്യക്ഷത വഹിച്ചു. എ.ബി.ജി.പി. സംസ്ഥാന സെക്രട്ടറി അഡ്വ.എസ്.ഷിബു കുമാർ, ദേശീയ ജോയന്റ് സെക്രട്ടറി ജയന്ത് കത്രിയ, കൊച്ചി കോർപ്പറേഷൻ കൗൺസിലർ പത്മജ.എസ്.മേനോൻ, അഡ്വ.പ്രകാശ് പാലാട്ട്, സുനിൽ പൊഞ്ഞാടൻ എന്നിവർ പ്രസംഗിച്ചു.

അഡ്വ.ഏ.ഡി.ബെന്നിക്ക് അഖിലഭാരതീയഗ്രാഹക് പഞ്ചായത്ത് ദേശീയ അദ്ധ്യക്ഷൻ നാരായണൻ ഭായ് ഷാ പുരസ്കാരം നൽകി ആദരിക്കുന്നു.

നാളികേരവില കുതിച്ചുയരുന്നു

തൃശൂർ :വിലയിൽ മുമ്പനായി മുന്നേറുകയാണ് നാളികേരം. ചില്ലറവില്പനവില കിലോയ്ക്ക് 45 രൂപയും കടന്നു കുതിക്കുകയാണ്.അടുത്ത ദിവസങ്ങളിൽ വില ഇനിയും ഉയരുമെന്നാണ് വിപണിയിലെ സൂചന.

നാളികേരക്ഷാമത്തിൻറെ തോത് കണക്കാക്കുമ്പോൾ കിലോ വില 50 രൂപയും കടന്നു പായുമെന്നാണ് വിലയിരുത്തൽ. കർഷക കൂട്ടായ്മകളായ വിഎഫ്പിസികെയുടെ വിപണനകേന്ദ്രങ്ങളിൽ കർഷകരിൽനിന്നും കിലോയ്ക്ക് 40 രൂപയ്ക്കാണ് നാളികേരം എടുക്കുന്നത്. കൂടുതൽ വിലയ്ക്കും നാളികേരം കിട്ടാനില്ലാത്ത സ്ഥിതിയാണിപ്പോൾ.

കഴിഞ്ഞ ഏഴുവർഷത്തിനിടക്കുള്ള വലിയ വിലവർധനവാണ് ഇപ്പോളുണ്ടായിട്ടുള്ളത്. വെളിച്ചെണ്ണവിലയും കുതിച്ചുയരുന്നുണ്ട്. കിലോ വില 250 നോടടുത്തെത്തി. 200 രൂപയുണ്ടായിരുന്ന വിലയാണ് പാഞ്ഞുകയറുന്നത്.കേരളത്തിൽ നാളികേരവില കുതിച്ചുയരുന്നതുകണ്ട് തമിഴ്നാട്ടിൽനിന്നും ലോഡുകണക്കിന് നാളികേരം മാർക്കറ്റുകളിലെത്തുന്നുണ്ട്.തമിഴ്നാട്ടിൽ നിന്നുള്ള ഗുണം കുറഞ്ഞ നാളികേരവും വാങ്ങി പണംകളയേണ്ട ദുരവസ്ഥയാണ് മലയാളിക്കിപ്പോൾ.നാളികേര വിലവർധന ഹോട്ടലുകാർക്കു വലിയ തിരിച്ചടിയായിട്ടുണ്ട്.

ആയുഷ് മിഷനിൽ നിയമനം

തൃശൂർ :നാഷണൽ ആയുഷ് മിഷൻ ഭാരതീയ ചികിത്സാ വകുപ്പ്- ഹോമിയോപ്പതി വകുപ്പുകൾക്ക് കീഴിലുള്ള ആശുപത്രികളിൽ വിവിധ തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. തെറാപ്പിസ്റ്റ് (മെയിൽ, ഫീമെയിൽ) തസ്തികയ്ക്ക് കേരള ഗവ. അംഗീകൃത ആയുർവേദ തെറാപ്പിസ്റ്റ് കോഴ്സാണ് യോഗ്യത. പ്രായപരിധി 2024 സെപ്തംബർ 25 ന് 40 വയസ്സ് മൾട്ടിപർപ്പസ് വർക്കർ തസ്തികയ്ക്ക് പ്ലസ് ടു, ഗവ. അംഗീകൃത ഡിസിഎയുമാണ് യോഗ്യത. പ്രായപരിധി 2024 സെപ്തംബർ 25 ന് 40 വയസ്സ് കൂടുതൽ വിവരങ്ങൾക്ക് http://nam.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

വാർത്താച്ചുരുക്കം

* റീഫൈൻഡ് ഓയിലിന്റെയും അൺ റീഫൈൻഡ് ഓയിലിന്റെയും ഇറക്കുമതിയുമായി ബന്ധപ്പെട്ട വിലവർദ്ധനവ് കുറക്കണമെന്ന് ബേക്കറി ഉടമകൾ ആവശ്യപ്പെടുന്നു. ബേക്കേഴ്സ് അസോസിയേഷൻ സംസ്ഥാന കമ്മിറ്റിയാണ് ആവശ്യം ഉന്നയിച്ചത്. ഉൽപ്പന്നങ്ങൾക്ക് വിലവർദ്ധിപ്പിക്കാൻ ബേക്കേഴ്സ് നിർബന്ധിതമാകും.
* തൃശൂർ ഗവ. എഞ്ചിനീയറിംഗ് കോളേജിൽ പുതു തലമുറ എഞ്ചിനീയറിംഗ് കോഴ്സുകൾ തുടങ്ങി. മന്ത്രി ആർ ബിന്ദു ഉദ്ഘാടനം ചെയ്തു. എം എൽ എ പി ബാലചന്ദ്രൻ അധ്യക്ഷത വഹിച്ചു.
* വിശ്വകർമ്മ സർവ്വീസ് സൊസൈറ്റിക്ക് തൃശൂർ താലൂക്ക് കമ്മറ്റി രൂപീകരിച്ചു. പ്രസിഡണ്ട് ഉണ്ണികൃഷ്ണൻ മാസ്റ്റർ, സെക്രട്ടറി ജയൻ ചിറ്റിലപ്പിള്ളി, ട്രഷറർ സുധ ടി എസ്
* സഹകരണ സംഘങ്ങൾക്കും ജീവനക്കാർക്കും ദ്രോഹകരമായ നടപടികൾ പിൻവലിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് സഹകരണ ജീവനക്കാർ ജോ. രജിസ്ട്രാർ ഓഫീസിലേക്ക് മാർച്ച് നടത്തി. ധർണ്ണയും ഉണ്ടായി. കേരള കോ-ഒപ്പറേറ്റീവ് എംപ്ലോയീസ് ഫ്രണ്ടിന്റെ നേതൃത്വത്തിലായിരുന്നു സമരം.
* തൃശൂർ: പുത്തൻപള്ളി ബസിലിക്കയിൽ പരിശുദ്ധ വ്യാകുലമാതാവിന്റെ ജീവകാരുണ്യ തിരുനാൾ 27-ാം തിയ്യതി ആചരിച്ചു. തിരുകർമ്മങ്ങൾ, നേർച്ച അരിവിതരണം, ജീവകാരുണ്യ പ്രവർത്തനം തുടങ്ങിയവ പ്രധാന പരിപാടികളായിരുന്നു.

ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു

ഇരിഞ്ഞാലക്കുട കോപ്പറേറ്റീവ് ഹോസ്പിറ്റലും ഇരിഞ്ഞാലക്കുട ഐ എം എ യൂണിറ്റും സംയുക്തമായി 'കമ്മ്യൂണിക്കേഷൻ സ്കിൽസ് ആൻഡ് ഹോസ്പിറ്റൽ വയലൻസ്' എന്ന വിഷയത്തെ ആസ്പദമാക്കി ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു.

ഡോക്ടർ അഞ്ചു കെ ബാബു വിശിഷ്ടാധിതികളെ സ്വാഗതം ചെയ്തു. ഇരിഞ്ഞാലക്കുട ഐ എം എ യൂണിറ്റ് പ്രസിഡന്റ് ഡോക്ടർ ആർ ബി ഉഷ കുമാരി ഉദ്ഘാടനംനിർവഹിച്ചു. ഐ എം എ ജില്ലാ കമ്മിറ്റി ചെയർമാൻ എൽ എൻ വിശ്വനാഥൻ, ഐ എം എ സെൻട്രൽ വർക്കിംഗ് കമ്മിറ്റി മെമ്പർ ഡോക്ടർ ഹരീന്ദ്രനാഥ്, ഇരിഞ്ഞാലക്കുട കോപ്പറേറ്റീവ് ഹോസ്പിറ്റൽ മെഡിക്കൽ സൂപ്രണ്ട് ഡോക്ടർ നദാനിയിൽ തോമസ് എന്നിവർ ക്ലാസ് എടുത്തു. നഴ്സിംഗ് മാനേജർ ശ്രീമതി മിനി ജോസഫ് നന്ദി അറിയിച്ചു.

ഹോസ്പിറ്റൽ അങ്കണത്തിൽ നടന്ന ക്ലാസ്സിൽ ഡോക്ടർസ് ജീവനക്കാർ നഴ്സിംഗ് വിദ്യാർത്ഥിനികൾ തുടങ്ങിയവർ പങ്കെടുത്തു.

കുട്ടികൾക്ക് ഫുട്ബോൾ പരിശീലനം

തൃശൂർ : കൊടകര ബ്ലോക്ക് പഞ്ചായത്ത് കുട്ടികൾക്കായി ഫുട്ബോൾ പരിശീലനം നടത്തുന്നു. 2024-25 സാമ്പത്തിക വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി നടത്തുന്ന പരിശീലനത്തിലേക്ക് കുട്ടികളെ തെരഞ്ഞെടുക്കുന്നതിന് ട്രയൽസ് നടത്തുന്നു. കൊടകര ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ സ്ഥിരതാമസമുള്ള 2010, 2011, 2012 വർഷങ്ങളിൽ ജനിച്ച ആൺകുട്ടികൾക്കാണ് പരിശീലനം നൽകുന്നത്.

കുട്ടികളുടെ വയസ്സ് തെളിയിക്കുന്നതിന് എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റ്, ആധാർ എന്നിവ സഹിതം ഒക്ടോബർ 8, 9, 10 തീയ്യതികളിൽ പുതുക്കാട് സെന്റ് ജോസഫ് സ്കൂൾ ഗ്രൗണ്ടിൽ രാവിലെ 6.30 മുതൽ 7.30 വരെ നടത്തുന്ന ട്രയൽസിൽ നേരിട്ട് പങ്കെടുക്കണം.

ഇലക്ട്രിസിറ്റി നിരക്ക് വർദ്ധന അനുവദിക്കരുത്: ആം ആദ്മി പാർട്ടി

തൃശൂർ: കേരളത്തിൽ ഇലക്ട്രിസിറ്റി വില വർദ്ധനവ് അല്ല ഇലക്ടറിസിറ്റി ബോർഡിനെ കാര്യക്ഷമമാക്കുക എന്നതാണ് അടിയന്തിരമായി ചെയ്യേണ്ടത് എന്നു ഇലക്ടറിസിറ്റി റെഗുലേറ്ററി കമ്മീഷനോട് ആം ആദ്മി പാർട്ടി ആവശ്യപ്പെട്ടു.

ഇലക്ടറിസിറ്റി ബോർഡിന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചകളുടെയും കെടുകാര്യസ്ഥതയുടെയും ഫലമായി ഉണ്ടാകുന്ന അധിക ബാധ്യത ജനങ്ങളിൽ കെട്ടിവെക്കാനുള്ള ശ്രമം ഉപേക്ഷിക്കണം.

മുൻപ് ഇലക്ടറിസിറ്റി റെഗുലേറ്ററി കമ്മീഷൻ ഉത്തരവ് നൽകിയിട്ടും വൈദ്യുത ബിൽ കുടിശ്ശിക പിരിച്ചെടുക്കുന്നത് സംബന്ധിച്ച് ഇതുവരെയും വൈദ്യുത ബോർഡിൻറെ ഭാഗത്തുനിന്നും നടപടികൾ ഒന്നും ഉണ്ടായിട്ടില്ല.

ഓഡിറ്റ് ചെയ്യുവാൻ പൊതുമേഖല സ്ഥാപനങ്ങൾ ചെയ്യേണ്ട നടപടിക്രമങ്ങൾ ഒന്നും കെഎസ്ഇബി പാലിച്ചിട്ടില്ല.

കേരളത്തിലെ കെഎസ്ഇബിയിലെ തൊഴിലാളികളുടെ എണ്ണം സംബന്ധിച്ച് ഐ ഐഎം കോഴിക്കോട് കെഎസ്ഇബിക്ക് വേണ്ടി നടത്തിയ പഠന റിപ്പോർട്ടുകൾ നടപ്പിലാക്കണം.

കേന്ദ്ര പദ്ധതികളിൽ ഉൾപ്പെട്ട 37 ലക്ഷം സ്മാർട്ട് മീറ്ററുകൾ അനുവദിച്ചിട്ടും ജീവനക്കാരുടെ എതിർപ്പ് കാരണം കെഎസ്ഇബി റദ്ദാക്കിയിതുമൂലം കേന്ദ്രവിഹിതമായ 3000 കോടി നഷ്ടപ്പെട്ടു. വൈദ്യുത പ്രസരണ നഷ്ടം കുറയ്ക്കുവാനും, ബില്ലിംഗ് സംവിധാനത്തിലെ കാര്യക്ഷമത വർധിപ്പിക്കാനും മറ്റും വളരെയേറെ ഉപയോഗപ്രദമാകുന്ന ഇത്തരം പരിഷ്കാരങ്ങൾക്കെതിരെ മുഖം തിരിഞ്ഞു നിൽക്കുകയാണ് കെഎസ്ഇബി.

കേരളത്തിൽ കെഎസ്ഇബിയുടെ അനാസ്ഥ മൂലം ജീവൻ നഷ്ടപ്പെട്ടവർക്ക് നൽകേണ്ട നഷ്ടപരിഹാരത്തിന്റെ ഭാരവും കേരളത്തിലെ ഉപഭോക്താക്കളാണ് വഹിക്കേണ്ടി വരുന്നത്.

കെഎസ്ഇബി എന്ന കേരളത്തിലെ പൊതുമേഖലാ സ്ഥാപനം നിലനിൽക്കേണ്ടത് ആവശ്യമാണ്. അതിനു കാലാനുസൃതമായ പരിഷ്കാരങ്ങൾ കെഎസ്ഇബിയുടെ ഭാഗത്തുനിന്നും ഉണ്ടാകണം.

കെഎസ്ഇബി നൽകിയ പ്രൊപ്പോസൽ തള്ളിക്കളയണമെന്നും ദാരിദ്രരേഖ താഴെയുള്ള ജനങ്ങൾക്കെങ്കിലും വൈദ്യുതി സൗജന്യമായി നൽകണമെന്ന് തിരുവനന്തപുരത്തു നടന്ന ഇലക്ടറിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ സിറ്റിങ്ങിൽ ആം ആദ്മി പാർട്ടിക്ക് വേണ്ടി ഹാജരായി സംസ്ഥാന പ്രസിഡൻറ് അഡ്വക്കേറ്റ് ശ്രീ വിനോദ് മാത്യു വിൽസൺ ആവശ്യപ്പെട്ടു. ജില്ലാ പ്രസിഡന്റ്

ടോണി റാഫേൽ അദ്ധ്യക്ഷത വഹിച്ച ജില്ലാ കൗൺസിൽ യോഗത്തിൽ ജില്ലാ സെക്രട്ടറി ജിജോ ജേക്കബ്ബ് പ്രമേയം അവതരിപ്പിച്ചു. ഡോ.സി.എസ്. ഉണ്ണികൃഷ്ണൻ ഡോ.സി.എസ് ഉണ്ണികൃഷ്ണൻ , ഇട്ടൂപ്പ് ബിന്നി പൊന്തേക്കൻ ,ജോളി ജോൺ എന്നിവർ സംസാരിച്ചു.

നിര്യാതരായി

റോസി

പുതുക്കാട്: വടക്കെ തൊറവിൽ ചിറമ്മൽ പത്രോസ് മകൾ റോസി നിര്യാതയായി. സംസ്കാരം ഇന്ന് ഉച്ചകഴിഞ്ഞ് 3 മണിക്ക് ചിറമ്മൽ ജോസ് മകൻ ബെന്നിയുടെ വസതിയിൽ നിന്ന് ആരംഭിച്ച് പുതുക്കാട് സെന്റ് ആന്റണീസ് ഫൊറോന ദേവാലയ സെമിത്തേരിയിൽ നടത്തപ്പെടും.

സിസിലി

തൃശൂർ: മുക്കാട്ടുകര വടക്കൻ ലാസർ ഭാര്യ സിസിലി (86) നിര്യാതയായി. സംസ്കാരം ഇന്ന് കാലത്ത് 10 മണിക്ക് മുക്കാട്ടുകര സെന്റ് ജോർജ്ജ്സ് പള്ളി സെമിത്തേരിയിൽ നടത്തപ്പെട്ടു.

ലോജിസ്റ്റിക്സ് ആന്റ് സപ്ലൈ ചെയിൻ മാനേജ്മെന്റ് കോഴ്സ്

തൃശൂർ: കേന്ദ്ര സർക്കാർ സംരംഭമായ ബിസിൽ ട്രെയിനിംഗ് ഡിവിഷൻ നടത്തുന്ന തൊഴിലധിഷ്ഠിത സ്കിൽ ഡിപ്ലോമ ഇൻ ലോജിസ്റ്റിക്സ് ആന്റ് സപ്ലൈ ചെയിൻ മാനേജ്മെന്റ് കോഴ്സിലേക്ക് അഡ്മിഷൻ ആരംഭിച്ചു. പ്ലസ്ടു കഴിഞ്ഞവർക്ക് അപേക്ഷിക്കാം. ഒരു വർഷം, ആറു മാസം ദൈർഘ്യമുള്ള കോഴ്സുകളോടൊപ്പം ഇന്റേൺഷിപ്പും പ്ലേസ്മെന്റ് അസിസ്റ്റൻസും ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 8304926081.

അമല മെഡിക്കൽ കോളേജ് ഫാർമസിസ്റ്റ് ദിനാചരണം

അമല നഗർ: ലോക ഫാർമസിസ്റ്റ് ദിനാചരണത്തിന്റെ ഭാഗമായി അമല മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഫാർമസിസ്റ്റുകൾ രോഗികൾക്കും കൂട്ടിരിപ്പുകാർക്കുമായി, ലോകാരോഗ്യ ആവശ്യങ്ങളിൽ ഫാർമസിസ്റ്റുകളുടെ പങ്കിനെ അടിസ്ഥാനമാക്കി ഫ്ലാഫ് മോബും, റാലിയും, ബലൂൺ റിലീസിങ്ങും നടത്തി.

ഫാർമസിസ്റ്റുകളെ അഭിനന്ദിച്ചു കൊണ്ട് ജോയിന്റ് ഡയറക്ടർ ഫാദർ ജെയ്സൺ മുണ്ടൻമാണി സി.എം.ഐ. സംസാരിച്ചു. 170 അംഗങ്ങളുള്ള അമല ഫാർമസി സ്റ്റാഫ് അംഗങ്ങൾക്ക് വെൽനസ്സ് പരിപാടികളും നടത്തി. രാവിലെ 11:30 നു നടന്ന കലാപരിപാടികൾക്ക് ചീഫ് ഫാർമസിസ്റ്റ് ഡോക്ടർ ലിജോ ജേക്കബ്, ഫാർമസി ഇൻ ചാർജ് സിസ്റ്റർ മിൽഡ, സ്റ്റാഫ് കോ ഓർഡിനേറ്റർ, ശ്രീമതി വിൻസി എന്നിവർ നേതൃത്വം നൽകി.

ജോയിൻ ഡയറക്ടർമാരായ, ഫാദർ ആന്റണി പെരിഞ്ചേരി, ഫാ. ഷിബു പുത്തൻ പുരയ്ക്കൽ, ഫാദർ ആന്റണി മണ്ണുമുൽ ബ്രദർ ജിയോ പാറയ്ക്ക എന്നിവരും അനേകം രോഗികളും കൂട്ടിയിരിപ്പുകാരും ദൃശ്യവിരുന്നിന് സാക്ഷ്യം വഹിച്ചു.

എനർജി ക്വിസ് സംഘടിപ്പിച്ചു

ഇരിഞ്ഞാലക്കുട സെന്റ്. ജോസഫ്സ് കോളേജിലെ ഫിസിക്സ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ഇന്റർകോളീജിയറ്റ് എനർജി ക്വിസ് മത്സരം സംഘടിപ്പിച്ചു. എനർജി കൺസർവേഷൻ സൊസൈറ്റിയുടെ നേതൃത്വത്തിൽ സംയുക്തമായി നടത്തിയ ഈ മത്സരത്തിൽ ഒട്ടനേകം കലാലയങ്ങളിലെ വിദ്യാർത്ഥികൾ പങ്കെടുത്തു. ഊർജ്ജവുമായി ബന്ധപ്പെട്ട വിഷയങ്ങളെക്കുറിച്ചുള്ള അറിവും അവബോധവും വളർത്തിയെടുക്കുക എന്നതായിരുന്നു മത്സരത്തിന്റെ പ്രധാന ലക്ഷ്യം. പ്രാർത്ഥനയോടെ ആരംഭിച്ച പരിപാടിയിൽ ഫിസിക്സ് വിഭാഗം മേധാവി മധു സി.എ സ്വാഗതം ആശംസിച്ചു. കോളേജ് പ്രിൻസിപ്പാൾ ഡോ. സിസ്റ്റർ. ബ്ലെസ്സി ഉദ്ഘാടനം നിർവഹിക്കുകയും തുടർന്ന് പ്രസംഗിക്കുകയും ചെയ്തു.എനർജി കൺസർവേഷൻ സൊസൈറ്റി (ഇസിഎസ്) പ്രസിഡന്റ് ഡോ. സോമൻ കെ നടത്തിയ ആശംസ പ്രസംഗത്തിൽ സുസ്ഥിര ഊർജ്ജ സമ്പ്രദായങ്ങളുടെ ആവശ്യകത ഊന്നിപ്പറയുകയും ഈ ഉദ്യമത്തിൽ യുവമനസ്സുകളുടെ പരിശ്രമത്തെ അഭിനന്ദിക്കുകയും ചെയ്തു.എനർജി കൺസർവേഷൻ സൊസൈറ്റി ജനറൽ സെക്രട്ടറി, മിസ്റ്റർ ബേബി കുര്യാക്കോസ് കാലാവസ്ഥ വ്യതിയാനത്തെക്കുറിച്ച് സംസാരിച്ചു. ക്വിസ് മാസ്റ്ററായി എത്തിയത് കെ.എസ്.ഇ.ബി റിട്ട. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എം.ടി ആന്റണി ആയിരുന്നു. ഊർജ്ജത്തിന്റെ വിവിധ വശങ്ങളുമായി ബന്ധപ്പെട്ട വെല്ലുവിളി നിറഞ്ഞ ചോദ്യങ്ങളുടെ പരമ്പരയിൽ, പങ്കെടുക്കുന്നവർ അവരുടെ അറിവും പ്രശ്നപരിഹാര കഴിവുകളും പ്രദർശിപ്പിച്ചു. രണ്ട് റൗണ്ടുകളിലായി നടത്തിയ മൽസരത്തിൽ ക്രൈസ്റ്റ് കോളേജ് ഇരിഞ്ഞാലക്കുട, സെന്റ് ജോസഫ്സ് കോളേജ് ഇരിഞ്ഞാലക്കുട, സെന്റ് തോമസ് കോളേജ് തൃശ്ശൂർ ഒന്ന്,രണ്ട്, മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കി. വിജയികൾക്ക് ക്യാഷ് അവാർഡ് നൽകുകയും അതോടൊപ്പം നാഷണൽ സ്പേസ് ഡേയുടെ ഭാഗമായി നടത്തിയ പോസ്റ്റർ നിർമ്മാണ മൽസരത്തിലെ വിജയികൾക്ക് സമ്മാനം നൽകുകയും ചെയ്തു. മത്സരം ഉജ്ജ്വല വിജയമാക്കിയതിൽ പങ്കെടുത്ത എല്ലാവരോടും വിശിഷ്ട വ്യക്തികളോടും സംഘാടകരോടും ഫിസിക്സ് വിഭാഗം അസോസിയേഷൻ സെക്രട്ടറി നേഹ റെന്നി നടത്തിയ നന്ദി പ്രകാശനത്തോടെ പരിപാടി സമാപിച്ചു.

സർക്കാരിന്റെയും വിവിധ വകുപ്പുകളുടെയും ജില്ലാതല അവലോകന യോഗം നാളെ

തൃശ്ശൂർ :പട്ടികജാതി,പട്ടികവർഗ,പിന്നാക്കക്ഷേമ വകുപ്പുകളിലെ പദ്ധതികളുടെ ജില്ലാതല അവലോകനവും,സർക്കാരിന്റെ നാലാം നൂറുദിന കർമ പരിപാടികളുടെ വിലയിരുത്തലും വെള്ളിയാഴ്ച തൃശൂരിൽ നടത്തും.മന്ത്രി ഒ.ആർ കേളുവിന്റെ നേതൃത്വത്തിൽ ജില്ലയിൽ നിന്നുള്ള മന്ത്രിമാരെയും എം എൽ എ മാരെയടക്കം പങ്കെടുപ്പിച്ചുകൊണ്ട് സെപ്റ്റംബർ 27-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.30ന് കലക്ട്രേറ്റ് ഹാളിൽ വെച്ചാണ് അവലോകനയോഗം നടക്കുന്ന ത്.ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്,ജില്ലാ കളക്ടർ, ജില്ല പ്ലാനിംഗ് ഓഫീസർ,പട്ടികജാതി-പട്ടികവർഗ്ഗ വികസന ഓഫീസർമാർ,ഐടിഡിപി പ്രോജക്ട് ഓഫീസർമാർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുക്കും.

മേഖലയിലെ അടിസ്ഥാന വിവരങ്ങളും, ഭൂരഹിതർ, ഭവനരഹിതർ,അടിസ്ഥാന സൗകര്യ പ്രശ്നങ്ങൾ, പട്ടികജാതി പട്ടികവർഗ്ഗ മേഖലയിലെ മൊത്തം വകയിരുത്തലും,ചെലവഴിക്കലും ജില്ലാതല വികസന സാധ്യതകളും പ്രശ്നങ്ങളും അവലോകനത്തിൽ ചർച്ച ചെയ്യും എന്നറിയുന്നു.

പതാക വന്ദനത്തോടെ എൻ.സി.സി ക്യാമ്പ് സമാപിച്ചു

തൃശ്ശൂർ:എറണാകുളം ഗ്രൂപ്പിന്റെ കീഴിലുള്ള 24 കേരള എൻ.സി.സി ബറ്റാലിയന്റെ നേതൃത്വത്തിൽ തൃശ്ശൂർ ചിൻമയ വിദ്യാലയത്തിൽ നടന്നു വന്നിരുന്ന ദശദിന പരിശീലന ക്യാമ്പ് പതാക വന്ദനത്തോടെ സമാപിച്ചു.

തൃശൂർ, പാലക്കാട്, എറണാകുളം, ആലപ്പുഴ, ലക്ഷദ്വീപ് എന്നിവിടങ്ങളിൽ നിന്നായി അ